**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3871** — **15.03.2017 - ൽ മറുപടിക്ക്.**

## വ്യവസായമേഖല പുനരുജ്ജീവിപ്പിക്കാൻ നടപടി

ചോദ്യം

ശ്രീമതി ഇ.എസ്. ബിജിമോൾ,
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ,
ശ്രീ. കെ. രാജൻ,
ശ്രീ. മുഹമ്മദ് മുഹസിൻ പി.

**മറുപടി**

**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| | |
|---|---|
| (എ) സംസ്ഥാനത്ത് വ്യവസായ മേഖല പുനരുജ്ജീവിപ്പിക്കുന്നതിന് എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്നറിയിക്കുമോ ; | (എ) : സംസ്ഥാനത്ത് വ്യവസായ മേഖല പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി സംരംഭകത്വ സഹായ പദ്ധതി, യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് സംരംഭകത്വ വികസന ക്ലബ്ബുകൾ, പുതിയ ആശയങ്ങളുമായി വരുന്ന സംരംഭകർക്ക് എല്ലാ സഹായങ്ങളും നൽകുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം എന്നിവയും നടത്തിവരുന്നു. |
| (ബി) ഏതൊക്കെ ഏജൻസികൾ മുഖേനയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത് എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ ; | (ബി) : കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്), ജില്ലാ വ്യവസായ കേന്ദ്രങ്ങൾ എന്നിവ മുഖേനയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. |
| (സി) സംസ്ഥാനത്തേക്ക് കൂടുതൽ വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നറിയിക്കാമോ ? | (സി) : സംസ്ഥാനത്തേക്ക് കൂടുതൽ വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനായി കേരള ബിസിനസ് ടു ബിസിനസ് മീറ്റുകൾ, ആഗോള നിക്ഷേപകരുടെ സംഗമം, ബോധവത്കരണ ക്ലാസ്സുകൾ, ഊർജിത വ്യവസായവത്കരണ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ.